പതിമൂന്നാംകേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.399 28.06.2012 - ൽ മറുപടിക്ക്

## കേരള സ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. വി. എം. ഉമ്മർ മാസ്റർ<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |

(എ) കേരള സ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളെക്കുറിച്ച് വിവരിക്കുമോ;

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ആകെ 367 കി.മീ. ദൈർഘ്യം വരുന്ന 7 റോഡുകളുടെ പുനരുദ്ധാരണമാണ് ആദ്യം ഉദ്ദേശിച്ചിരുന്നത്. ഇതിനായി 1356 കോടി രൂപയ്ക്ക് തയ്യാറാക്കിയ പദ്ധതിക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ സാമ്പത്തിക കാര്യ വകുപ്പ് അംഗീകാരം നൽകിയിരുന്നു. ഇതിൽ ലോക ബാങ്കിന്റെ വായ്പ 648 കോടി രൂപയാണ്. എന്നാൽ ഈ സർക്കാർ അധികാരം ഏറ്റെടുത്ത ശേഷം 2012 ഫെബ്രുവരി മാസം ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തി. തുടർന്ന് 1000 കി.മീ. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്യുന്നതും ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ 254 കി.മീ. റോഡുകളുടെയും 28 ഹെവി മെയിന്റനൻസ് റോഡുകളുടെയും ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതും കൂടി കെ.എസ്.ടി.പി.

| | |
|---|---|
| | രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന കാര്യം സംസ്ഥാനം സന്ദർശിച്ച ലോകബാങ്ക് പ്രതിനിധികൾ തത്വത്തിൽ അംഗീകരിച്ചു. ഇതു കൂടാതെ റോഡു സുരക്ഷാ പ്രവർത്തനങ്ങൾ, പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്തൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത റോഡുകളുടെ വിശദവിവരം നല്കാമോ; എത്ര കിലോ മീറ്റർ റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തുന്ന റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br>1. ചെങ്ങന്നൂർ-മൂവാറ്റുപുഴ റോഡ്. (എം.സി.റോഡ്) -87.50 കി.മീ.<br>2. പുനലൂർ-പൊൻകുന്നം-തൊടുപുഴ റോഡ് -132.22 കി.മീ.<br>3. കാസറഗോഡ് – കാഞ്ഞങ്ങാട് റോഡ് -27.76 കി.മീ.<br>4. പിലാത്തറ – പാപ്പിനിശ്ശേരി റോഡ്- 20.90 കി.മീ.<br>5. തളിപ്പറമ്പ – ഇരിട്ടി റോഡ് - 4.5 കി.മീ.<br>6. തലശ്ശേരി – വളവുപാറ റോഡ് -53.12 കി.മീ.<br>7. പെരുമ്പിലാവ് -പട്ടാമ്പി -പെരിന്തൽമണ്ണ റോഡ്. -41 കി.മീ. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കുവേണ്ടി ഏത് വിധത്തിൽ പണം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | പുതുക്കിയ കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന്റെ ആകെ ചെലവ് 2942 കോടി രൂപവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്കുള്ള തുക ലോകബാങ്ക്, സംസ്ഥാന സർക്കാർ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ വഴിയാണ് സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത്. കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന്റെ ധനസഹായത്തിനായി ലോക ബാങ്കുമായി ചർച്ചകൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. 2013 ജനുവരി മാസത്തോടെ ലോക ബാങ്കുമായി എഗ്രിമെന്റ് വച്ച് പണി തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ